• അനുഭവം/പ്രതികരണം



'വിബ്ജിയോർ' എർത്ത് ഫെസ്റ്റിവലിൽ ലിജോ ജോസിന്റെ ഇൻസ്റ്റലേഷനിൽനിന്ന്

**2007 ഫെബ്രുവരി 28**

# ഡോ., നിങ്ങൾക്കിത് സംഭവിക്കാതിരിക്കട്ടെ

കരീം കെ. പുറം

പ്രഭാത സവാരിക്കിടയിൽ വീടിന ടുത്തെത്താറായപ്പോൾ സൈക്കിളിൽനിന്നും ഒരാൾ തലയും കുത്തി വീഴുന്ന ദാരുണമായ ഒരു രംഗം കാണേണ്ടിവന്നു. ഉടനെ അയാളുടെ അടുത്തേക്ക് ഓടിയെത്തി അയാളെ താങ്ങിയെടുത്ത് ആ വഴി വന്ന കാറിൽ കയറ്റി എങ്കിലും പിന്നാലെ വന്ന ഓട്ടോറിക്ഷയിൽ മാറിക്കയറി അയാളെയും കൊണ്ട് പുത്തൻചിറ പി.എച്ച്.സി.യിലേക്ക് ചെന്നു. അവിടെ ഡോക്ടർ ഉണ്ടായിരുന്നില്ല. ഉടനെ ഡോക്ടറുടെ വീട്ടിലെത്തിച്ചു. ഡോക്ടർ മറ്റൊരാളെ പരിശോധിക്കുകയായിരുന്നു. മുഖത്തും കാലിനും പരിക്കുകളേറ്റ് രക്തം ഒലിക്കുകയായിരുന്ന രോഗി ഡോക്ടറുടെ ഇറയത്ത് തന്നെ കിടന്നു. ഡോക്ടർ മുറിയിൽനിന്നും കടന്നുവന്ന് പരിശോധിച്ചിട്ട് ഇഞ്ചക്ഷനും ഗുളികയും ഉണ്ട്. കൂടാതെ ഗ്ലൂക്കോസ് കയറ്റണം, ശീട്ട് നഴ്സിന് കൊടുത്താൽ മതിയെന്ന് പറഞ്ഞ് ശീട്ട് തന്നു. ഞാൻ രോഗിയെ താങ്ങിയെടുത്ത് ആശുപത്രിയിലേക്ക് കൊണ്ടുപോകാൻ തുടങ്ങവേ ഡോക്ടർ ഫീസ്, ഫീസ് എന്ന് പറയുന്നുണ്ടായിരുന്നു. സത്യത്തിൽ ഡോക്ടർക്ക് ഫീസ് കൊടുക്കുന്നതിനെക്കുറിച്ച് ഞാൻ ബോധവാനായിരുന്നില്ല. അർദ്ധബോധാവസ്ഥയിലായിരുന്ന രോഗിയെ എങ്ങനെയെങ്കിലും ആസ്പത്രിയിൽ എത്തിക്കാനുള്ള ബദ്ധപ്പാടിലായിരുന്നല്ലോ ഞാൻ. അല്പ നിമിഷങ്ങൾക്ക് ശേഷമാണ് ഡോക്ടർ ചോദിക്കുന്നത് അയാളുടെ കൂലിയാണെന്ന് മനസ്സിലായത്. ഞാനൊരു വഴിപോക്കനാണെന്നും ഇയാളെ ഉടനെ ആസ്പത്രിയിലെത്തിച്ച ആളാണ് ഞാനെന്നും, ഇയാളുടെ സ്വന്തക്കാർ ഉടനെയെത്തും, അവർ ഡോക്ടറെ വന്ന് കാണുമെന്നും ഞാൻ പറഞ്ഞെങ്കിലും ഡോക്ടർ എനിക്ക് ഫീസ് കിട്ടണമെന്ന വാശിയിലായിരുന്നു. എത്രയാണ് ഫീസ് എന്ന് ഞാൻ ചോദിച്ചു. 50 രൂപയാണെന്ന് ഡോക്ടർ പറഞ്ഞു. (500 ആണെന്ന് പറയാഞ്ഞത് ഭാഗ്യം) ഭാഗ്യവശാൽ എന്റെ കീശയിൽ അപ്പോൾ 50 രൂപ ഉണ്ടായിരുന്നു. അതുകൊണ്ട് ഞാൻ അവിടെ നിന്നും രക്ഷപ്പെട്ടു. രോഗിയേയും കൊണ്ടുവന്ന ഓട്ടോറിക്ഷക്കാരന്റെ സഹായത്തോടെയാണ് പുറത്തേക്കെഴുതിയ മരുന്നുകൾ വാങ്ങിയത്. ഡോക്ടർമാർ ഇത്തരം ഘട്ടത്തിൽ പോലും പൈസയ്ക്ക് വേണ്ടി ആർത്തി പിടിക്കുന്നതിലുള്ള വേദന കൊണ്ടാണ് ഇതെഴുന്നത്. വീട്ടിൽ ഇരുന്ന് ചികിത്സിക്കുന്നതിന് കൂലി വാങ്ങാൻ ഡോക്ടർമാർക്ക് അധികാരമുണ്ടെങ്കിൽ അവിടെനിന്ന് കുറിച്ചുവിടുന്ന ഇഞ്ചക്ഷൻ ചെയ്യലും, ഗ്ലൂക്കോസ് കയറ്റലും, ഡ്രസ്സ് ചെയ്യലും നടത്തുന്ന നഴ്സുമാരടക്കമുള്ള ആസ്പത്രി ജീവനക്കാർക്ക് ഇവർക്ക് കിട്ടുന്ന കൂലിയുടെ 50% ന് അർഹതയില്ലേ ?

റോഡിൽ വീണുകിടന്ന ഒരു രോഗിയെയും എടുത്ത് ഉടനെ ആസ്പത്രിയിലെത്തിച്ച എന്നോട് ഫീസ്, ഫീസ് എന്ന് ആക്രാന്തം കാണിച്ച ഈ ആതുരശുശ്രൂഷകന് നാളെ വാഹനാപകടത്തിൽ പരിക്കേറ്റ് റോഡിൽ വീണുകിടക്കേണ്ടിവന്നാൽ (അങ്ങനെ സംഭവിക്കാതിരിക്കട്ടെ) എന്നെപ്പോലുള്ളവർ കീശയിൽ പൈസയില്ലെങ്കിൽ എങ്ങനെ അയാളെ ആശുപത്രിയിലെത്തിക്കും. രോഗികൾക്ക് മുന്നിൽ 'പ്രഭാത സൂര്യ'നെപ്പോലെ നിൽക്കേണ്ട ഇവർ സ്വന്തം പേരിനെ നിഷ്പ്രഭമാക്കുന്ന രീതിയിൽ പെരുമാറുന്നതിൽ അതിയായ ദുഃഖവും അമർഷവും രേഖപ്പെടുത്തുന്നു.

എന്റെ അനുഭവത്തിൽ വില്ലൻ കഥാപാത്രമായി മാറിയ ഇയാൾ മറ്റുസന്ദർഭത്തിൽ നന്മയുടെ ലക്ഷണങ്ങൾ കാണിച്ചിട്ടുണ്ടായിരിക്കും. ഒരു മനുഷ്യന് എല്ലായ്പ്പോഴും കൊള്ളരുതാത്തവനാകാൻ കഴിയില്ല. ചിലപ്പോൾ അവനിലെ മനുഷ്യത്വം ഉണരും. എങ്കിൽ അതിനെ അംഗീകരിച്ച് ഇയാളുടെ പേര് വെളിപ്പെടുത്തുന്നില്ല. എങ്കിലും ഇതിലെ കഥാപാത്രങ്ങളെ അറിയണമെന്നാഗ്രഹമുള്ളവർ മാത്രം താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക.

*പി.ഒ. പുത്തൻചിറ, തൃശൂർ.*
*ഫോൺ : 0480 2893481*